# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 506** **02-12-2014 ലെ മറുപടിയ്ക്ക്**

## <u>നികുതി പിരിവിലുണ്ടായിട്ടുള്ള വീഴ്ച പരിഹരിക്കുന്നതിന് നടപടി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീമതി. കെ.എസ്. സലീഖ :** | **ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |

**എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും നികുതി ഇനത്തിൽ പിരിച്ചെടുക്കുവാൻ തീരുമാനിച്ച തുക എത്രയെന്നും പിരിച്ചെടുത്ത തുക എത്രയെന്നും വ്യക്തമാക്കുമോ ;

**ബി)** നടപ്പ സാമ്പത്തിക വർഷം എത്ര തുക നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ തീരുമാനിച്ചു; ആയതിൽ 2014 ഒക്ടോബർ 31 വരെ എത്ര തുക പിരിച്ചെടുക്കുവാൻ കഴിഞ്ഞു; വ്യക്തമാക്കുമോ;

**എ) & ബി)** 2011-12 മുതൽ 2014-15 (2014 സെപ്തംബർ വരെ) വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് തനത് നികുതി ഇനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരവും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരവും പ്രതീക്ഷിച്ച വരുമാനം, ലഭിച്ച യഥാർത്ഥ വരുമാനം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ബഡ്ജറ്റ് എസ്റ്റിമേറ്റ് (Crores) | പുതുക്കിയ എസ്റ്റിമേറ്റ് (Crores) | അക്കൌണ്ട്സ് (യഥാർത്ഥ വരുമാനം) (Crores) |
|---|---|---|---|
| 2011-12 | 26641.53 | 26446.28 | 25718.6 |
| 2012-13 | 32122.21 | 31702.44 | 30076.61 |
| 2013-14 | 38771.1 | 35542.96 | 31995.02 |
| 2014-15 | 42467.49 | -- | 16948.13 (2014 സെപ്തംബർ വരെ) |

**സി)** ഈ സാമ്പത്തിക വർഷം നികുതി പിരിവിൽ വന്ന ചോർച്ചയും ചെക്ക് പോസ്റ്റുകളിൽ വ്യാപിച്ച വരുന്ന അഴിമതിയും മൂലം നികുതി പിരിവിൽ സ്തംഭനം വന്നിട്ടുള്ളതു പരിഹരിക്കാൻ അടിയന്തിരമായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

**സി)** നികുതി പിരിവിൽ സ്തംഭനം വന്നിട്ടില്ല. ചെക്ക് പോസ്റ്റ് പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇത് രേഖ പരിശോധനയിൽ ചുരുങ്ങാതെ, സെലക്ടീവായി വിശദമായ ഫിസിക്കൽ വെരിഫിക്കേഷൻ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ചെക്ക് പോസ്റ്റുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ ടേക്ക് ഓവറും ഓവർചെക്കിംഗും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തിനകത്തെ ചരക്ക വാഹനങ്ങളുടെ പരിശോധനയും കർശനമാക്കിയിട്ടുണ്ട്. Economic Intelligence Wing പുറം ഏജൻസികളിൽ നിന്നും ശേഖരിക്കുന്ന രേഖകൾ ഡീലർമാരുടെ റിട്ടേണുകളുമായി ഒത്തുനോക്കി നികുതി വെട്ടിപ്പുകൾ കണ്ടുപിടിക്കുന്നുണ്ട്. നികുതി വെട്ടിപ്പിന് കൂടുതൽ സാധ്യതയുള്ള ചരക്കുകളിൽ മുൻകൂർ നികുതി ഏർപ്പെടുത്തുകയും ആയതിന്റെ തറവില സമയാ സമയങ്ങളിൽ പുനർ നിർണ്ണയിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ആദായ നികുതി, കസ്റ്റംസ് തുടങ്ങിയ കേന്ദ്ര ഏജൻസികളുമായി സഹകരിച്ച് 360 ഡിഗ്രി മോണിറ്ററിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഡി)** എങ്കിൽ ഇതിന്റെ ഭാഗമായി ഏതെല്ലാം ഉദ്യോഗസ്ഥരുടെ വീഴ്ചകൾ സർക്കാർ കണ്ടെത്തിയെന്ന വ്യക്തമാക്കുമോ; അവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

**ഡി)** വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു. അവരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

**ഇ)** നടപ്പുസാമ്പത്തിക വർഷം നികുതി പിരിവിലെ ഗുരുതരമായ വീഴ്ചകൾ കണ്ടെത്തുവാൻ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ കണ്ടെത്തലുകൾ വഴി സർക്കാരിന് എത്ര തുക നാളിതുവരെ ഫൈൻ ഇനത്തിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ?

**ഇ)** നടപ്പ സാമ്പത്തിക വർഷം നികുതി നിർണ്ണയത്തിലെ അപാകതകൾ വകുപ്പിലെ ഇന്റേണൽ ആഡിറ്റ് വിഭാഗവും അക്കൌണ്ടന്റ് ജനറലും ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ പുനർ നിർണ്ണയം നടത്തി നികുതി പിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇന്റലിജൻസ് വിഭാഗം വാഹന പരിശോധയിൽ കണ്ടെത്തിയ ന്യൂനതകൾക്കനുസൃതമായി സർക്കാരിന് 21.54 ലക്ഷം രൂപ നാളിതുവരെ സെക്യൂരിറ്റി ഡിപ്പോസിറ്റായി ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# വിജ്ഞാപനം

1. കെ.ബി. അനിയൻ, വാണിജ്യനികുതി ഇൻസ്പെക്ടർ.
2. വി.പി. ബാലകൃഷ്ണൻ, ഇന്റലിജൻസ് ഓഫീസർ
3. എം. ഗുരുവായൂരപ്പൻ, വാണിജ്യനികുതി ഇൻസ്പെക്ടർ.
4. ആർ. ഗോപാലകൃഷ്ണപിള്ള, വാണിജ്യനികുതി ഇൻസ്പെക്ടർ
5. പി.കെ. ജയകുമാർ, വാണിജ്യനികുതി ഇൻസ്പെക്ടർ
6. കെ. കൃഷ്ണൻ, ഓഫീസ് അറ്റൻഡന്റ്
7. എം. രാധാകൃഷ്ണൻ, ഓഫീസ് അറ്റൻഡന്റ്
8. പി. രാജീവ്, വാണിജ്യനികുതി ഇൻസ്പെക്ടർ
9. കെ. ശശികുമാർ, ഇന്റലിജൻസ് ഓഫീസർ
10. വി.എൻ. നളിനി, അസി. കമ്മീഷണർ
11. റജി, അസി. കമ്മീഷണർ
12. എം. സുമംഗല, വാണിജ്യനികുതി ഓഫീസർ
13. ബാബു അശോക് കുമാർ, വാണിജ്യനികുതി ഇൻസ്പെക്ടർ
14. ജെ. സുക, വാണിജ്യനികുതി ഇൻസ്പെക്ടർ
15. അനൂപ് എം. പണിക്കർ, വാണിജ്യനികുതി ഇൻസ്പെക്ടർ
16. സബീർ മുഹമ്മദ്, വാണിജ്യനികുതി ഇൻസ്പെക്ടർ
17. രാജേഷ് ബി, വാണിജ്യനികുതി ഇൻസ്പെക്ടർ
18. റ്റി. അജയകുമാർ, ഓഫീസ് അറ്റൻഡന്റ്
19. പി.എം. ബിനോജ്, ഓഫീസ് അറ്റൻഡന്റ്
20. സുൾഫിക്കർ, ഓഫീസ് അറ്റൻഡന്റ്
21. അനിൽകുമാർ, ഓഫീസ് അറ്റൻഡന്റ്
22. എസ്. ലാൽ, വാണിജ്യനികുതി ഇൻസ്പെക്ടർ.
23. ആന്റണി വാസ്, വാണിജ്യനികുതി ഇൻസ്പെക്ടർ
24. എം. കൃഷ്ണാനന്ദ്. ഓഫീസ് അറ്റൻഡന്റ്.

സെക്ഷൻ ഓഫീസർ